ഫൈലേറിയാ രോഗികൾ.

* 1649. [19] ശ്രീ. പി. എം. കുഞ്ഞുരാമൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിൽ മൊത്തത്തിൽ എത്ര ഫൈലേറിയ രോഗികൾ ഉണ്ട്;

(ബി) പ്രധാനമായും സംസ്ഥാനത്തിന്റെ ഏതെല്ലാം ഭാഗങ്ങളിലാണ് ഈ രോഗം പടർന്നുപിടിക്കുന്നതായി കാണുന്നത്;

(സി) അത്തരം പ്രത്യേകം സ്ഥലങ്ങളിലെങ്കിലും ഈ രോഗത്തിന്റെ ചികിത്സയ്ക്കായി പ്രത്യേക ഏർപ്പാടുകൾ ചെയ്യുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ആരോഗ്യവകുപ്പുമന്ത്രി (ഡാക്ടർ എ. ആർ. മേനോൻ):

(എ) ഉദ്ദേശം 3 ലക്ഷം.

(ബി) കടലോരപ്രദേശങ്ങളിലും ജനസാന്ദ്രത കൂടുതലുള്ള പട്ടണപ്രദേശങ്ങളിലും.

(സി) നിലവിലുള്ള ചികിത്സാസമ്പ്രദായം സംസ്ഥാനമൊട്ടുക്കുതന്നെ നിലവിലിരിക്കുന്നുണ്ട്.

ശ്രീ. പി. എം. കുഞ്ഞുരാമൻ നമ്പ്യാർ: ഈ സംബന്ധിച്ച് അന്വേഷണം നടത്താൻ ഇവിടെയുള്ള ചികിത്സാനടപടികൾക്കു പുറമെ കേന്ദ്രത്തിൽനിന്നും വല്ല നിർദ്ദേശവും ഉണ്ടായിട്ടുണ്ടോ?

ഡാക്ടർ: എ. ആർ. മേനോൻ: ഉണ്ടായിട്ടുണ്ട്. അവർ അന്വേഷണം നടത്തിയിട്ടുണ്ട്. അതുകഴിഞ്ഞു് അന്വേഷണമൊക്കെ കേന്ദ്രത്തിലേയ്ക്കു് പോകുകയും ചെയ്തു. അവർ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. വളരെ നന്നായിട്ടുള്ള റിപ്പോർട്ടാണെന്നും പറഞ്ഞു. അതവിടെ കിടക്കുകയാണു്.

ശ്രീ. പി. എം. കുഞ്ഞുരാമൻ നമ്പ്യാർ: ആ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പിന്നെ എന്തൊക്കെയാണ് ഈ ഗവണ്മെന്റ് ചെയ്തിട്ടുള്ളതു്.

ഡാക്ടർ എ. ആർ. മേനോൻ: അങ്ങിനെ പ്രത്യേകിച്ച് പറയാനായിട്ട് സാധിക്കുകയില്ല. ഈ മരുന്നു് ശരിയായിട്ടുള്ള ചികിത്സ ഇതുവരെ കണ്ടുപിടിച്ചിട്ടില്ല. പക്ഷെ അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഇടർന്നു നടത്തുന്നുണ്ട്. ഇതെങ്ങനെയാണ് മാറേണ്ടതെന്നു് ആർക്കും മനസ്സിലായിട്ടില്ല. എന്നാൽ ഇപ്പോൾ ചെയ്യുന്ന പ്രവർത്തനങ്ങളുടെ കൂട്ടത്തിൽ മേലാൽ കൂടികൊണ്ടും മറ്റും വരാതിരിക്കുന്നതിനായിട്ട് അതേപ്പറ്റി വളരെ അന്വേഷണങ്ങളും നടത്തിയിട്ടുണ്ട്, അതുമാത്രമേ എനിക്കു് പറയാനുള്ളു. പ്രത്യേകിച്ച് ഈ കൊല്ലം കുറെക്കൂടി ഗൗരവമായിട്ടു നടത്തുന്നുണ്ട്.

ശ്രീ. ആർ. സുഗതൻ: ഈ മന്തു്, ഒരു രോഗമാണോ? അതോ ഒരു അധികപ്പറ്റായ അവയവമാണോ?

ഡാക്ടർ എ. ആർ. മേനോൻ: അതു് ഇപ്പോൾ കണ്ടുപിടിച്ചിട്ടുള്ളതു് ചോരക്കുഴലിൽ ഒരുതരം കൃമിപ്പെന്നു് അടഞ്ഞു അടഞ്ഞു അതു വളരുകയാണ്.

ശ്രീമതി ലീലാ ദാമോദരമേനോൻ: ഈ ഫൈലേറിയാ ചികിത്സയ്ക്കുവേണ്ടി മരുന്നു തളിച്ചുകൊണ്ടാണ് മൂട്ടകൾ വർദ്ധിക്കുന്നതിനു കാരണമായതെന്നറിയാമോ?

ഡാക്ടർ എ. ആർ. മേനോൻ: അറിവില്ല.

ശ്രീമതി ലീലാ ദാമോദരമേനോൻ: അതേപ്പറ്റി അന്വേഷണം നടത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഡാക്ടർ: ഏ. ആർ. മേനോൻ: അതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: ഹൈലേറിയാക്കുള്ള ചികിത്സ ഫലപ്രദമല്ല എന്ന നിലവാരത്തിൽ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയുണ്ടായി. ഇപ്പോൾ അതിനുവേണ്ടി നിയോഗിച്ചിട്ടുള്ള ഡാക്ടർമാർ വാസ്തവത്തിൽ ഹൈലേറിയാ ചികിത്സക്കായി കാര്യമായി യാതൊരു പ്രവർത്തനവും ചെയ്യാതെ അങ്ങനെ ഇരിക്കുകയാണ്. അതുകൊണ്ട് ആ സെറ്റുകളിലുള്ള ഡാക്ടറന്മാരെ അതായത് സ്ഥലത്തെ ആശുപത്രികളിൽ ആണ്ടറി പ്രവർത്തനം ചെയ്യാൻ അനുവദിക്കാമോ?

മി. സ്പീക്കർ: ഈ ചോദ്യത്തിനു് സപ്ലിമെന്ററിയായിട്ട് അതു ചോദിക്കാമോ എന്നു ബഹുമാനപ്പെട്ട മെമ്പർതന്നെ ആലോചിക്കണം.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: ഇതു് വളരെ ആവശ്യമായ ഒരു നിർദ്ദേശമാണ്.

ശ്രീ. എം. നാരായണക്കുറുപ്പ്: ഈ കൊതുകാണ് മൂലമാണ് ഈ ഹൈലേറിയ സുഖക്കേടു് ഉണ്ടാകുന്നതെന്നു കണ്ടുപിടിച്ചിട്ടുള്ളതുകൊണ്ട് ഈ കൊതുക്കളെ ഇല്ലാതാക്കാൻ്നടപടികൾ ഉൾപ്പെടുത്തുമോ?

ഡാക്ടർ ഏ. ആർ. മേനോൻ: അതു എഴുത്തിൽ എങ്ങനെ ഇല്ലാതാക്കാനാണ്. കൊതുക്കളെ ഇല്ലാതാക്കാൻ ചില മരുന്നുകൾ തളിക്കും. ചില കൊതുക്കൾ മരുന്നു തളിക്കുന്തോറും വലുതായിവരും. ചിലതു നശിക്കും.

ശ്രീ. അവുക്കാദർകുട്ടി നഹ: ഈ ഹൈലേറിയാ രോഗനിവാരണത്തിനായി കേന്ദ്രത്തിൽനിന്നും വല്ല നിർദ്ദേശവും തരുമോ; വല്ല സഹായവും അനുവദിക്കുന്നുണ്ടോ?

ഡാക്ടർ: ഏ. ആർ. മേനോൻ: ഉവ്വ്. കേന്ദ്രത്തിൽനിന്നും പല സഹായങ്ങളുമുണ്ട്. കേന്ദ്രഗവണ്മെന്റിന്റെ വക ഒരു ഇൻസ്റ്റിറ്റ്യൂഷൻ എറണാകുളത്തുണ്ട്. അവിടെ പത്തുമുപ്പതു പേർ കാലത്തു മുതൽ വൈകുന്നേരം വരെ സകലതരം കൊതുക്കളേയും പിടിച്ച് പരിശോധിക്കുകയാണ്. അവിടെ കോയമ്പത്തൂർ, മധുര, നമ്മുടെ സംസ്ഥാനത്തുള്ളവ ഇങ്ങനെ പലതരം കൊതുക്കളെ പിടിച്ച് ഡിസെക്ഷൻ ചെയ്ത് പലതും പഠിക്കുന്നുണ്ട്. ആ പഠിത്തംകൊണ്ട് നമുക്ക യാതൊരു പ്രയോജനവും കിട്ടിയിട്ടില്ല.

ശ്രീമതി ലീലാ ദാമോദരമേനോൻ: ഈ മധുര കൊതുകും, കോയമ്പത്തൂർ കൊതുകും തമ്മിൽ വ്യത്യാസമുണ്ടോ?

ഡാക്ടർ ഏ. ആർ. മേനോൻ: ഉണ്ടെന്നാണറിയുന്നതു്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: ഈ കൊതുക്കളെ നശിപ്പിക്കുന്നതിനുള്ള മരുന്നു തളിച്ചിട്ട് അതു നശിക്കുന്നതിനുപകരം വലുതായി വരുന്നു, വണ്ണംവയ്ക്കുന്നു എന്നു പറഞ്ഞു. അതുകൊണ്ട്, ആ മരുന്നുതന്നെയാണോ ഇപ്പോഴും തളിക്കുന്നതു്. അതോ ആ മരുന്നു് മാറിയിട്ടുണ്ടോ?

ഡാക്ടർ ഏ. ആർ. മേനോൻ: ഈ വിഷംതന്നെ കുറെ തിന്നാൽ പിന്നെ അതു വിഷമല്ലാതായിത്തീരും. അതുപോലെയാണ് ഇപ്പോൾ ചില കൊതുകുകളെ നശിപ്പിക്കുന്നായിട്ട് മരുന്നു തളിച്ചിട്ട് അതു വണ്ണംവച്ചു വരുന്നു എന്നു പറഞ്ഞതു്. അതുപോലെ കാഞ്ഞിരത്തിന്റെ ഇലയും കായും ഒക്കെ കുറേശ്ശെ തിന്നുകൊണ്ടിരുന്നാൽ പിന്നെ അതു ധാരാളം കഴിക്കുന്നതുകൊണ്ടും ഒരു തരക്കേടും വരികയില്ല. എന്തായാലും ഇപ്പോൾ മരുന്നു മാറിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly